**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**അഡീഷണൽ ഡയറക്ടർ ( എ&റ്റി) യുടെ നടപടിക്രമം**

---

വിഷയം:- ആവഡ-30.06.2019 വരെയുള്ള ലാബ് ടെക്നീഷ്യൻ ഗ്രേഡ് 1 ജീവനക്കാരുടെ സീനിയോറിട്ടി പട്ടികയിൽ ശ്രീമതി. ടെസ്സി വർഗ്ഗീസിനെ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു-

പരാമർശം:-
1. Lr No. DMOH /KTM-2424/2024 A7 Dtd 22.11.2024
2. ES5-2028/2019/DHS Dtd 30.09.2021
3. ES5-14554/2017/DHS Dtd 09.06.2017 & 17.11.2021
4. WRII(3) 2518/03/KPSC Wayanad Dtd 02.02.2007
5. EF2- 13850(2) /2022/DHS Dtd 15.06.2022
6. DHS/27505/2024/ES5 Dtd 01.02.2025

**ഉത്തരവ് നമ്പർ : ആ.വ.ഡ/27505/2024/ഇ.എസ്5 തീയതി:** 19-02-2025

---

ആരോഗ്യ വകുപ്പിൽ 30.06.2019 വരെയുള്ള ലാബ് ടെക്നീഷ്യൻ ഗ്രേഡ് 1 ജീവനക്കാരുടെ സീനിയോറിട്ടി പട്ടിക പരാമശം (2) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് 1 തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി. ടെസ്സി വർഗ്ഗീസ് ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 തസ്തികയിലെ സീനിയോറിട്ടി ആസ്പദമാക്കി പരാമശം (2) ലാബ് ടെക്നീഷ്യൻ ഗ്രേഡ്1 സീനിയോറിട്ടി പട്ടികയിൽ ഉൾപ്പെടുത്തി നൽകുന്നതിനായി കോട്ടയം ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ഈ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ശ്രീമതി. ടെസ്സി വർഗ്ഗീസിന്റെ അപേക്ഷ പരിശോധിച്ചതിൽ ടിയാൻ പരാമശം (4) പി.എസ്സ്.സി അഡൈ്വസ് പ്രകാരം 14.03.2007 തിയതിയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചു. പിന്നീട് വയനാട് ജില്ലയിൽ നിന്ന് തിരുവനന്തപുരം ജില്ലയിലേക്ക് 20.03.2013 തിയതി അന്തർജില്ലാ സ്ഥലം മാറ്റം നേടിയിട്ടുണ്ട്. അന്തർജില്ലാ സ്ഥലം മാറ്റം നേടി തിരുവനന്തപുരം ജില്ലയിൽ ജോലിയിൽ പ്രവേശിച്ച തിയതി അടിസ്ഥാനമാക്കി 2011 മുതൽ 2016 വരെയുള്ള ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 സീനിയോറിട്ടി പട്ടികയിൽ 8 A എന്ന റാങ്ക് നൽകിയിട്ടുണ്ട്. ഈ സീനിയോറിട്ടി പ്രകാരം ലാബ് ടെക്നീഷ്യൻ ഗ്രേഡ് 1 ആയി സ്ഥാനക്കയറ്റം ലഭിച്ചിട്ടുണ്ട്.

ലാബ് ടെക്നീഷ്യൻ ഗ്രേഡ്2 സീനിയോറിട്ടി പട്ടികയിലെ 8 A എന്ന റാങ്ക് അടിസ്ഥാനമാക്കി ശ്രീമതി. ടെസ്സി വഗ്ഗീസിന് മേൽ പരാമശം (2) ലാബ് ടെക്നീഷ്യൻ ഗ്രേഡ് 1 സീനിയോറിട്ടി പട്ടികയിൽ 353Aഎന്ന റാങ്ക് അനുവദിച്ചു നൽകാൻ തീരുമാനിച്ച് പരാമശം(6) പ്രകാരം നോട്ടീസ് പുറപ്പെടുവിച്ചിരുന്നു. ഈ നോട്ടീസിൻമേൽ നാളിതുവരെ അപ്പീലുകൾ ഒന്നും ലഭിച്ചിട്ടില്ല. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ടെസ്സി വർഗ്ഗീസിനെ മേൽ പരാമശം (2) ലാബ് ടെക്നീഷ്യൻ ഗ്രേഡ് 1 സീനിയോറിട്ടിപട്ടികയിൽ ശ്രീ. മുരളി.കെ (റാങ്ക് 353) ശ്രീമതി.ദീപ.ആർ (റാങ്ക് 354) എന്നീ ജീവനക്കാരുടെ ഇടയിലായി 353 A എന്ന റാങ്ക് അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

വിശദമായ പട്ടിക ചുവടെ ചേർക്കുന്നു.

| SL. NO | Name | D.O.B | Qualification | P.S.C Advice NO. & DATE | D.O.E | 01.01.2011 To 31.12.2016 | promotion order NO& Date | Period As on 30.06.2019 | | Remarks |
|---|---|---|---|---|---|---|---|---|---|---|
| | | | | | | Existing RanK in Lab Technician Gr II | | Existing Rank in Lab Technician GR 1 | Proposed Rank in Lab Technician GR I | |
| 1 | Tessy Varghese PEN352801 | **06-04-1983** | PDC, DMLT | WRII (3) 2518/03/KPSC Wayanad Dtd 02.02.2007 | 14-03-2007 | 8A | EF2-13850(2)/2022/DHS Dtd 15.06.2022 | ...... | 353A | Included in the seniority list |

**Signed by Jayasree V**
**Date: 19-02-2025 11:55:12**

DR. JAYASREE V
**ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ( എ&റ്റി)**

സ്വീകർത്താവ്:-

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
   (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)

പകർപ്പ്

1. സൂപ്രണ്ട് ജനറൽ ആശുപത്രി ചങ്ങനാശ്ശേരി, കോട്ടയം ജില്ല
   (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റ് മുഖേന)

2. ശ്രീമതി. ടെസ്സി വർഗ്ഗീസ് ലാബ് ടെക്നീഷ്യൻ ഗ്രേഡ്1
   ( ആരോഗ്യവകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)
3. സൂപ്രണ്ട് ഇ.എഫ് സെക്ഷൻ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കാര്യാലയം
4. ഫയൽ / കരുതൽ ഫയൽ